"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - മലപ്പുറം ജില്ല- തിരൂരങ്ങാടി ഗ്രാമപഞ്ചായത്ത് ഓഫീസ് - ക്ലാർക്ക് - ശ്രീ. രജി ഇ - പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് -ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1377/2026/LSGD തീയതി,തിരുവനന്തപുരം, 28-07-2026

---

പരാമർശം:-

1. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മലപ്പുറം ജില്ലാ ഓഫീസറുടെ 23.09.2010ലെ MRII (1)91/07(13) നമ്പർ നിയമന ശിപാർശ.
2. മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 23.10.2010ലെ ഡി3-665/08 നമ്പർ നടപടിക്രമങ്ങൾ.
3. മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 11.10.2011 ലെ ഡി3-3333/2005 നമ്പർ നടപടിക്രമങ്ങൾ.
4. 25.07.2018 ലെ റൂൾസ് 1/235/18 നമ്പർ സർക്കുലർ.
5. തദ്ദേശസ്വയംഭരണവകുപ്പ് മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 18.03.2024ലെ LSGD/JD/MPM/9870/2023-A3 നമ്പർ നടപടിക്രമങ്ങൾ.
6. മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 21.05.2026 ലെ LSGD/JD/MPM/9870/2023-A3 നമ്പർ നടപടിക്രമങ്ങൾ.
7. മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 11.07.2022ലെ DDP-MPM/6/2019-D3 നമ്പർ നടപടിക്രമങ്ങൾ.
8. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 11.06.2026 ലെ LSGD/PD/37413/2024-DEC4 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ തെന്നല ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീ. രജി ഇ -യുടെ പ്രൊബേഷൻ കാലയളവ് 10/11/2013 മുതൽ 31/05/2021വരെ ദീർഘിപ്പിക്കുന്നതിന് പരാമർശം (8) പ്രകാരം തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ലഭ്യമാക്കിയിട്ടുണ്ട്.

2. പരാമർശം (1) , (2) എന്നിവ പ്രകാരം മുൻ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ 10.11.2010 ൽ സേവനത്തിൽ പ്രവേശിച്ച ശ്രീ. രജി ഇ -യുടെ സേവനം പരാമർശം (3) പ്രകാരം ക്രമവൽക്കരിച്ചിട്ടുണ്ട്. ശ്രീ. രജി ഇ -യുടെ പേരിൽ വിജിലൻസ് കേസുകളോ മറ്റ് വകുപ്പ് തല അച്ചടക്ക നടപടികളോ ഇല്ലായെന്നും ടിയാന്റെ സേവനം തൃപ്തികരമാണെന്നുമുള്ള സാക്ഷ്യപത്രം തെന്നല ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയിട്ടുണ്ട്. ടിയാൻ നിരീക്ഷണകാലത്തെ ബാധിക്കുന്ന അവധികൾ ഒന്നും തന്നെ എടുത്തിട്ടില്ല. ശ്രീ. രജി ഇ, പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനാവശ്യമായ എം. ഒ.പി ടെസ്റ്റ് യഥാസമയം വിജയിക്കാത്തതിനാൽ ടിയാന്റെ

നിരീക്ഷണകാലയളവ് പരാമർശം (5) , (6) എന്നിവ പ്രകാരം 10/11/2012 മുതൽ 09/11/2013 വരെ ഒരു വർഷം ദീർഘിപ്പിച്ചിട്ടുണ്ട്. ടിയാൻ PF, SLI, GIS എന്നിവയിൽ അംഗത്വമെടുത്തിട്ടുണ്ടെന്ന് പരാമർശം (8) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ.രജി ഇ-യുടെ ജനന തീയതി 30/05/1971 ആയതിനാൽ ടിയാൻ 29/05/2021 തീയതി 50 വയസ് കൈവരിച്ചിട്ടുണ്ട്. തുടർന്ന് പരാമർശം (7) പ്രകാരം ശ്രീ. രജി ഇ -ക്ക് നിർബന്ധിത വകുപ്പ് തല പരീക്ഷ പാസാകുന്നതിൽ സ്ഥിരം ഇളവ് നൽകിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (8) പ്രകാരമുള്ള ശിപാർശ പരിഗണിച്ച് മലപ്പുറം ജില്ലയിലെ തെന്നല ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീ. രജി ഇ --യുടെ പ്രൊബേഷൻ 30.05.2021 ന് പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കാൻ കഴിയുന്ന വിധം KS&SSR Part II ചട്ടം13(B) Proviso 4, പരാമർശം(4) സർക്കുലർ എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി 10/11/2013 മുതൽ 31/05/2021വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.കെ അനിൽ ജോയ്
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം.
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള. തിരുവനന്തപുരം/തൃശ്ശൂർ.
3.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , മലപ്പുറം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
4.സെക്രട്ടറി, തെന്നല ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
5.ശ്രീ. രജി ഇ , ക്ലർക്ക് , തിരൂരങ്ങാടി ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
6.ഡയറക്ടർ . ഐ കെ എം.
7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ).
8.കരുതൽ ഫയൽ (ഫയൽ നം.119/ഇപിഎ1/2026-എൽഎസ്ജിഡി.

ഉത്തരവിൻ പ്രകാരം
Digitally signed by
Noushad. S
Date: 28-07-2026
14:03:21
സെക്ഷൻ ഓഫീസർ